വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയിൽ മറ്റു തടസ്സങ്ങളൊന്നുമില്ലാതെ വിതരണം ചെയ്യാൻ ഇനി 572 ഏക്കർ ഭൂമി ലഭ്യമാണ്.

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി† ചേർത്തിട്ടുണ്ട്.

(സി) മിച്ചഭൂമി വിതരണവും, ബന്ധപ്പെട്ട നടപടികളും സാധാരണമായി കൈകാര്യം ചെയ്യുന്നത് ബന്ധപ്പെട്ട ജില്ലാ കളക്ടറാണ്. ആ നിലയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർക്കാണ്.

(ഡി) ഭൂപരിഷ്കരണ നിയമത്തിലെ 96-ാം വകുപ്പനുസരിച്ച് വിതരത്തിന് ലഭ്യമായ മിച്ചഭൂമിയുടെ 50% ഭൂരഹിത കർഷകത്തൊഴിലാളികൾക്കും ബാക്കി 50% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിത കർഷകത്തൊഴിലാളികൾക്കും സാമ്പത്തികമായും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുമായി നല്കണമെന്നാണ് വ്യവസ്ഥ. ഇതനുസരിച്ചാണ് സംസ്ഥാനത്ത് ഇപ്പോൾ മിച്ചഭൂമി വിതരണം നടത്തി വരുന്നത്.

(ഇ)&(എഫ്) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ജനപ്രതിനിധികൾ ഉൾപ്പെടുന്ന ഡെപ്യൂട്ടി കളക്ടർ ചെയർമാനായുള്ള താലൂക്ക് ലാന്റ് ബോർഡിന്റെ നിയന്ത്രണത്തിലാണ്. ഈ സാഹചര്യത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം സ്വയംഭരണ സ്ഥാപനങ്ങൾക്കും ഗ്രാമസഭകൾക്കും വിട്ടുകൊടുക്കേണ്ട ആവശ്യം ഉദിക്കുന്നില്ല.

പാട്ടത്തിന് നൽകിയ ഗവൺമെന്റ് ഭൂമി തിരികെ എടുക്കാൻ നടപടി

115(3134)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാട്ടത്തിന് കൊടുത്തിരുന്ന എത്ര ഏക്കർ റവന്യൂ ഭൂമി തിരികെ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്;

(ബി) ഭൂമി തിരികെ ഏറ്റെടുക്കണമെന്നും പാട്ടത്തുക വർദ്ധിപ്പിക്കണമെന്നും നിലവിലുള്ള നിയമസഭാ കമ്മിറ്റികൾ നൽകിയ റിപ്പോർട്ടുകളിന്മേൽ സർക്കാർ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 114 ഏക്കർ 47 സെന്റ് 575 സ്കയർ ലിങ്ക്സുള്ള റവന്യൂ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) പാട്ടം പുതുക്കാത്ത കേസുകളിൽ പാട്ടക്കാരന് നിശ്ചിത സമയപരിധിക്കുള്ളിൽ പാട്ടം പുതുക്കേണ്ടതാണെന്നും അല്ലെങ്കിൽ പാട്ട ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതാണെന്നും കാണിച്ച് നോട്ടീസ് നൽകുന്നു. അതുപ്രകാരം അപേക്ഷ നൽകിയവരുടെ കാര്യത്തിൽ പാട്ടം പുതുക്കുവാൻ നടപടികൾ എടുത്തുവരുന്നു. പാട്ടം പുതുക്കാൻ അപേക്ഷ നൽകാത്തവരുടെ

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ ഭൂമി തിരികെ എടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

പുറമ്പോക്ക് ഭൂമി പച്ചക്കറി കൃഷിക്ക് വിട്ടുകൊടുക്കാൻ നടപടി

116 (3142)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താല്ക്കാലിക വിളകളുടെ കൃഷിക്കനുയോജ്യമായ റവന്യൂ പുറമ്പോക്ക് ഭൂമി പച്ചക്കറി കൃഷിക്ക് ഭൂരഹിത കർഷകരുടെ സഹകരണ സംഘങ്ങൾക്ക് വിട്ടുകൊടുക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ;

(ബി) സർക്കാർ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള റവന്യൂ ഭൂമിയിൽ നിന്നും വരുമാനം ലഭിക്കുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം റവന്യൂ ഭൂമി പാട്ടത്തിന് നൽകിയും, പതിവിന് അനുയോജ്യമായ പുറമ്പോക്ക് ഭൂമി പതിവു ചട്ടങ്ങൾ പ്രകാരം വില ഈടാക്കി പതിച്ചു നൽകുന്നുമുണ്ട്.

വയനാട് ജില്ലയിലെ ഡെപ്യൂട്ടി കളക്ടർ ഓഫീസ് നിർത്തലാക്കിയതുമൂലം പട്ടയം ലഭിക്കുന്നില്ലെന്ന പരാതി

117 (3150)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ അമ്പലവയൽ ഡെപ്യൂട്ടി കളക്ടർ ഓഫീസ് നിർത്തലാക്കിയതുമൂലം പട്ടയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപേക്ഷകർക്ക് യഥാസമയം പട്ടയം ലഭിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) പട്ടയം നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

II. അടിയന്തിര പ്രമേയം

തിരുവനന്തപുരം പാറ്റൂരിൽ ഉണ്ടായ അക്രമങ്ങൾ

[9.30 A.M.]

മി. സ്പീക്കർ : ഇന്നലെ തിരുവനന്തപുരം നഗരത്തിൽ പാറ്റൂർ ജംഗ്ഷന് സമീപമുണ്ടായ അക്രമസംഭവങ്ങളെത്തുടർന്നുളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം

LIBRARY ARCHIVES Kerala Legislative Assembly